# മാർത്തോമ്മാ സുവിശേഷ സേവികാ സംഘം
# വാർഷിക റിപ്പോർട്ട് 2024-2025

*ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു സങ്കീ 46 : 1*

പ്രതിസന്ധികളിലും പ്രത്യാശയുടെ തിരിനാളം അണയാതെ കാത്തു സൂക്ഷിക്കുവാൻ തക്കവണ്ണം ദൈവം നമ്മെ ഇന്നുവരെയും കാത്തു പരിപാലിച്ചു. മാർത്തോമ്മാ സുവിശേഷ സേവികാ സംഘത്തിൻറെ പ്രവർത്തനത്തിൽകൂടി പ്രത്യാശയെ വളർത്തിയെടുക്കാൻ നമുക്ക് ലഭിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ പൂർണതയിലെത്തിക്കാം.

ജീവിതത്തിൽ കൈപ്പുനിറഞ്ഞ അനുഭവങ്ങളിൽ തളർന്നു പോകാതെ ദൈവത്തിൽ പ്രത്യാശ വെച്ചുകൊണ്ട് നിയോഗ വഴികളിൽ മുന്നേറുവാൻ സഹായിച്ച ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് ഇമ്മാനുവേൽ മാർത്തോമ്മാ സുവിശേഷ സേവികാ സംഘത്തിൻറെ 2024 – 2025 വർഷത്തെ വാർഷിക റിപ്പോർട്ട് സവിനയം സമർപ്പിച്ചുകൊള്ളട്ടെ.

2024 മെയ് 14 ന് ബഹുമാനപ്പെട്ട Rev K C Chacko യുടെ അദ്ധ്യക്ഷതയിൽ 2023-2024 വർഷത്തെ വാർഷിക യോഗത്തിൽ വച്ച് 2024-2025 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു :

| | |
|---|---|
| President : | Rev K C Chacko |
| Vice President : | Mrs Mariamma Varghese |
| Secretary : | Mrs Jaisy Jacob |
| Joint secretary : | Mrs Jisha Jacob |
| Trustee : | Mrs Jolly Thomas |
| Center Committee Member : | Mrs Saramma Abraham |

എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 6 - 7 മണി വരെ മാർത്തോമാ സെന്ററിലും ആവശ്യാനുസരണം വീടുകളിലും പ്രയർ മീറ്റിംഗ് നടത്തി വരുന്നു. ബഹുമാനപ്പെട്ട അച്ചൻറെ പ്രാരംഭ പ്രാർത്ഥനയ്ക്കും കൗമാ ചൊല്ലിയതിന് ശേഷം നിശ്ചയിക്കപ്പെട്ട സംഘാംഗങ്ങൾ പാട്ട്, വേദപുസ്തക വായന, മധ്യസ്ഥ പ്രാർത്ഥന, എന്നിവക്ക് നേത്രത്വം നൽകിവരുന്നു. അച്ചൻറെ അഭാവത്തിൽ Mrs Mariamma Varghese, Mrs Smitha Santhosh എന്നിവരും വചന ദൂതുകൾ നൽകുകയുണ്ടായി.

എല്ലാ മാസത്തിന്റെയും മൂന്നാമത്തെ ശനിയാഴ്ച രോഗികൾ, സഭ, ബോർഡ് എക്സാം എഴുതുന്ന കുട്ടികൾ ഇടവകയിലെ മറ്റ് പ്രാർത്ഥനാ വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി രവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ Mrs Manju Reji യുടെ നേത്രത്വത്തിൽ ചെയിൻ പ്രയർ ക്രമമായി നടത്തി വരുന്നു.

സെപ്റ്റംബർ 12 ന് സേവികാ സംഘ ദിനം St Pauls Anglican പള്ളിയിൽ വച്ച് വൈകിട്ട് 7 മണിക്ക് Rev K C Chacko അച്ചൻറെ നേത്രത്വത്തിൽ നടന്ന വിശുദ്ധ കുർബാന ശുശ്രുഷയോടനുബന്ധിച്ച് നടത്തപ്പെട്ടു. അന്നത്തെ സേവികാ സംഘ ദിനത്തിൽ പ്രത്യേക ഗാനം, ആരാധനാ ഗീതങ്ങൾ എന്നിവക്ക് സേവികാ സംഘ ക്വയർ നേതൃത്വം നൽകി.

Mrs Rai Mol Thomas (St Peters Mar Thoma Church) നമ്മുടെ ഇടവകയിലും നമ്മുടെ സേവികാ സംഘാംഗം Mrs Smitha Santhosh, St James Mar Thoma Church ലും വചന ശുശ്രുഷക്ക് നേതൃത്വം നൽകി. സെന്റർ കലാ മേളയിൽ പങ്കെടുത്ത നമ്മുടെ അംഗങ്ങൾ വിവിധ മത്സരങ്ങളായി ഒന്നും രണ്ടും മൂന്നും

സ്ഥാനങ്ങൾ കരസ്ഥമാക്കി. ഒക്ടോബർ 22 ന് Rt. Rev Zachariah Mar Aprem തിരുമേനിക്ക് സേവികാ സംഘ മീറ്റിംഗിൽ ഊഷ്മളമായ സ്വികരണം നൽകുകയുണ്ടായി.

നവംബർ 29 ന് വെള്ളിയാഴ്ച രാവിലെ ആരാധനാനന്തരം St Pauls Anglican പള്ളിയിൽ വച്ച് Break Fast Sale നടത്തപ്പെട്ടു. ഇതിൽ സംബന്ധിച്ച സഹകരിച്ച എല്ലാ ഇടവക ജനങ്ങളോടും ഉള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. ഇടവകയുടെ ഈ വർഷത്തെ ക്രിസ്മസ് കരോൾ സർവീസിൽ സേവികാ സംഘാംഗങ്ങൾ മനോഹരമായ ക്രിസ്മസ് ഗാനങ്ങൾ ആലപിച്ചു.

ഫെബ്രുവരി 26 ന് St Pauls Anglican പള്ളിയിൽ വച്ച് നടത്തിയ ആദ്യഫല പെരുനാളിനോടനുബന്ധിച്ച് Mrs Mariamma Varghese കഥ, തിരക്കഥ, സംഭാഷണം, രചന എന്നിവ ഉൾക്കൊള്ളിച്ച "വചന കൂടാരം" എന്ന ലഘു നാടകം സേവികാ സംഘാംഗങ്ങൾ അവതരിപ്പിച്ചു. എല്ലാ ശനിയാഴ്ചയും രാവിലെ 10 മുതൽ 11:30 വരെ Fasting Prayer മാർത്തോമ്മാ സെന്ററിൽ വച്ച് നടത്തിവരുന്നു.

റിപ്പോർട്ട് വർഷം വിവാഹ സഹായമായി രണ്ട് (2) പെൺകുട്ടികൾക്ക് 50,000 രൂപ വീതവും ഒരു (1) പെൺകുട്ടിക്ക് 28,100 രൂപ ( 100 KD) നൽകി സഹായിച്ചു. വൈദ്യസഹായമായി ഒരു മാർത്തോമാ വ്യക്തിക്ക് 50,000 രൂപയും നല്കുകയുണ്ടായി.

റിപ്പോർട്ട് വർഷത്തെ പ്രവർത്തനങ്ങൾക്ക് നല്ല നേത്രത്വവും ആഴമായ വചന ക്ലാസും നൽകി ആഴമായി പരിപോഷിപ്പിച്ച ബഹുമാനപ്പെട്ട K C Chacko അച്ചനോടും വത്സമ്മ കൊച്ചമ്മയോടും ഉള്ള ആദരവും നന്ദിയും അറിയിക്കുന്നു.

സേവികാ സംഘ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹകരണം നൽകിയ സേവികാ സംഘ ഔദോഗിക ഭാരവാഹികളോടും കമ്മറ്റി അംഗങ്ങളോടും എല്ലാ യോഗങ്ങളിലും വന്ന് സംബന്ധിക്കുന്ന സ്നേഹമുള്ള സഹോദരിമാരോടും ഇടവകജനങ്ങളോടും ഉള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസത്തിലും ലഭിച്ചിരിക്കുന്ന അനുഗ്രഹീതമായ പാരമ്പര്യത്തിലും ശ്രേഷ്ഠമായ മാതൃകകളിലും ആശ അർപ്പിച്ചുകൊണ്ട് ചെയ്തു തീർക്കേണ്ട ചുമതലകൾ ഭംഗിയായി നിവർത്തിക്കുന്നതിനും അഭിമുഖീകരിക്കുന്നതിനും പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും നമുക്ക് നമ്മെ തന്നെ ദൈവ കരങ്ങളിൽ സമർപ്പിക്കാം.

ലഭിച്ച എല്ലാ കൃപകളെയും ഓർത്ത് സർവശക്തനായ ദൈവത്തിന് സ്തുതി സ്ത്രോത്രങ്ങൾ അർപ്പിച്ചുകൊണ്ട് ഇമ്മാനുവേൽ സേവികാ സംഘം ഈ വാർഷിക റിപ്പോർട്ട് ഉപസംഹരിക്കുന്നു.

Accounts Summary